LIBRARY ARCHIVES Kerala Legislative Assembly

റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി

12 (*372) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള ഭൂരിഭാഗം റോഡുകളും പണ്ട് ഇടവഴികളും നടപ്പാതകളും ചെറിയ റോഡുകളും ആയിരുന്നവയാണ്. ഘട്ടംഘട്ടമായി ഭൂരിഭാഗം റോഡുകളേയും സ്ഥല ലഭ്യതയനുസരിച്ച് വീതി കൂട്ടി നവീകരിച്ച് വരികയാണെങ്കിലും ശാസ്ത്രീയമായി ഡിസൈൻ ചെയ്തല്ല നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കേരള സ്റ്റേറ്റ് ടാൻസ്പോർട്ട് പ്രോജക്ട് (KSTP), കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ സ്ഥല ലഭ്യതയനുസരിച്ചോ/ സ്ഥലം ഏറ്റെടുത്തോ മണ്ണ് പരിശോധന നടത്തി IRC മാനദണ്ഡപ്രകാരം ശാസ്ത്രീയമായി ഡിസൈൻ ചെയ്താണ് നിർമ്മിച്ചുവരുന്നത്. പുതുതായി നിർമ്മിക്കുന്ന ദേശീയപാതകളിൽ കൺസൾട്ടന്റ് വഴി വിശദമായ പഠനം നടത്തിയാണ് ബൈപ്പാസുകളും അലൈൻമെന്റുകളും തീരുമാനിക്കുന്നത്. കൂടാതെ റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സേഫ്റ്റിക്കും, ഗവേഷണത്തിനും, ഡിസൈനിംഗിനുമായി നാറ്റ്പാക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനവും നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് അപകടസാദ്ധ്യതയുള്ള റോഡുകളുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. State Crime Records Bureau (SCRB)-ൽ നിന്നും ലഭിച്ച 2016-2018-ലെ റോഡപകട കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ശാസ്ത്രീയ പഠനത്തിൽ കേരളത്തിൽ 4430 അപകടസാധ്യത പ്രദേശങ്ങൾ നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട്. അവയിൽ നിന്നും അപകടസാധ്യത കൂടുതലുള്ള 340 High & Moderate risk പ്രദേശങ്ങൾ അഥവാ റോഡപകട ബ്ലാക്ക് സ്പോട്ടുകൾ 2019-ൽ നടന്ന പഠനത്തിൽ നാറ്റ്പാക് കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ റോഡുകളുടെ വളവ് മാറ്റിയും വീതി കൂട്ടിയും റോഡപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

മുൻഗണനാ പട്ടികയിലുള്ള സംസ്ഥാനപാതയിലെയും മറ്റ് പാതകളിലെയും തെരഞ്ഞെടുക്കപ്പെട്ട 75 റോഡപകട ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല പരിഹാര നടപടികളും ഡിസൈനുകളും അടങ്ങിയ റിപ്പോർട്ട് നാറ്റ്പാക് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാസെല്ലും ചേർന്ന് പൊതുമരാമത്ത് വകുപ്പ് വഴി മേൽപ്പറഞ്ഞ തിരുത്തൽ നടപടികൾക്കായി എസ്റ്റിമേറ്റ് എടുക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ദേശീയപാതകളിലെ അപകട സാദ്ധ്യതയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ NHAI പരിഹാര നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രസ്തുത ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയ റോഡ് ഭാഗങ്ങളിൽ സ്ഥലലഭ്യത/ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വളവ് നിവർത്തി വീതി കൂട്ടിയും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി, വേഗത നിയന്ത്രണ ഉപാധികളായ റമ്പിൾസ് സ്ട്രിപ്പുകളും മറ്റ് റോഡ് സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വേ നടപടികൾ കാര്യക്ഷമമാക്കൽ

13 (*373) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ